# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിണറായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA/KNR/C7/771/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 24/08/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിണറായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിണറായി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണറായി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-13,1-28 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA/KNR/C7/771/2021 തീയ്യതി: 24/08/2021

## കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സി.ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 16-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 28-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഗീതമ്മ .പി.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| | | | |

| | | | |
|---|---|---|---|
| ശ്രീ.കെ.വി.പത്മനാഭൻ | സെക്രട്ടറി | 01-04-2019 | 17-07-2019 |
| ശ്രീ.സി.എം.പ്രേമൻ | സെക്രട്ടറി | 18-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ശ്രീധർ രാജൻ.ടി | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.ഷൈന.വി.പി | മെഡിക്കൽ ഓഫീസർ(സി എച്ച് സി) | 01-04-2019 | 31-03-2020 |
| ഡോ.ഡിജോ ജോസ് .എം | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.റീന കുമാരി. എ.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 11-12-2019 |
| ശ്രീമതി.സോന.എം.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 12-12-2019 | 31-03-2020 |
| ശ്രീമതി.ഷൈന വത്സൻ.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ.സി.എം.പ്രേമൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-07-2019 |
| ശ്രീമതി.കല.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-08-2019 | 31-03-2020 |
| ശ്രീമതി.മെറിൻ ജോസ്ന ഗോൺസാൽവസ് | വി ഇ ഒ (പിണറായി ) | 01-04-2019 | 30-10-2019 |
| ശ്രീമതി.റജി തൂണോളി | വി ഇ ഒ (പിണറായി ) | 31-10-2019 | 31-03-2020 |
| ശ്രീമതി.റസില.ആർ | വി ഇ ഒ (എരുവട്ടി) | 01-04-2019 | 31-03-2020 |
| ശ്രീമതി.ലീന.എം.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 24-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 24-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകം - ഡെപ്പോസിറ്റ് തുക ഫോർഫീറ്റ് ചെയ്തത് അദർ ഇൻകത്തിലെടുത്തില്ല<br>Written By: Lathavani (Audit Officer, On 27-07-2021)<br>Last Updated By: Lathavani (Audit Officer, On 29-07-2021) | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രിക അപാകം - ചെലവഴിക്കാൻ ബാക്കിയുള്ള തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Lathavani (Audit Officer, On 27-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-2-2 |
| 5 | വാർഷിക ധനകാര്യപത്രിക അപാകങ്ങൾ - ആസ്തിമൂല്യം കണക്കാക്കുന്നതിൽ കൃത്യതയില്ല<br>Written By: Lathavani (Audit Officer, On 27-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-08-2021) | 1-2-3 |
| 6 | സാമ്പത്തിക വിശകലനം (റസീറ്റ് &പെയ്മെന്റ് പ്രകാരം )<br>Written By: Lathavani (Audit Officer, On 24-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 24-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 25-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Usha.A (Asst. Audit Officer, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: PRATHYOOSH S (Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: PRATHYOOSH S (Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 25-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-9 |
| 13 | ഗ്രാമ സഭ<br>Written By: Lathavani (Audit Officer, On 27-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-10 |
| 14 | കമ്മിറ്റികൾ<br>Written By: Lathavani (Audit Officer, On 27-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-11 |
| 15 | ഇ- ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല<br>Written By: Manoharan A V (Senior Grade Auditor, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-12 |
| 16 | വസ്തുനികുതി നിർണ്ണയം അപാകങ്ങൾ<br>Written By: PRATHYOOSH S (Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-08-2021) | 1-13 |
| 17 | ശ്രീ.സി.എം.പ്രേമൻ അസി.സെക്രട്ടറിക്ക് ടൂർ ട്രാവലിംഗ് | 1-14 |

| | | |
|---|---|---|
| | അഡ്വാൻസ് അനുവദിച്ചത് ക്രമീകരിച്ചിട്ടില്ല.25,000/-രൂപ തടസ്സത്തിൽ വെക്കുന്നു.<br>Written By: Manoharan A V (Senior Grade Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | |
| 18 | എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക ₹9,178/- തടസ്സത്തിൽ വെക്കുന്നു.<br>Written By: Manoharan A V (Senior Grade Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-15 |
| 19 | പൊതു ടാപ്പുകളുടെ എണ്ണവും പ്രവർത്തനക്ഷമവും കാലികമായിപരിശോധിക്കാതെ കേരളാ ജല അതോറിറ്റിക്ക് വെള്ളക്കരം നൽകുന്നു.<br>Written By: Manoharan A V (Senior Grade Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-16 |
| 20 | കുഴൽകിണർനിർമ്മാണം- കരാർ ഉടമ്പടി ചമയ്ക്കൽ, ഫണ്ട് വിനിയോഗം,പദ്ധതി പൂർത്തീകരണ വിവരങ്ങൾ,മോണിറ്ററിംഗ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല -ചെലവ് തുക1,63,000/-രൂപ തടസ്സത്തിൽവെക്കുന്നു<br>Written By: Manoharan A V (Senior Grade Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-08-2021) | 1-17 |
| 21 | ഐ.കെ.എം ,എസ്.എസ്.എ എന്നിവയ്ക്ക് പഞ്ചായത്ത് വിഹിതം നൽകൽ- എല്ലാചെലവ് വിനിയോഗ വിവരങ്ങളും സൂക്ഷിക്കേണ്ടതാണ് .<br>Written By: Manoharan A V (Senior Grade Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-18 |
| 22 | പദ്ധതി രൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗിനും പ്രോജക്ട് വഴി പണം വകയിരുത്തിയിട്ടും തനത് ഫണ്ടിൽനിന്ന് തുക ചെലവഴിക്കുന്നു<br>Written By: Manoharan A V (Senior Grade Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-19 |
| 23 | മൺചട്ടിയിലെ പച്ചക്കറി കൃഷി (എസ് സി) -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Rajima A.C (Senior Grade Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-20 |
| 24 | തരിശു നെൽ കൃഷി -പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല<br>Written By: Rajima A.C (Senior Grade Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-21 |
| 25 | പൂക്കൃഷി വനിത ഗ്രൂപ്പുകൾക്ക് -പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ ചെലവ് തുക 249600രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rajima A.C (Senior Grade Auditor, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-22 |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കാത്തത്<br>Written By: Rajima A.C (Senior Grade Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-23 |
| 27 | മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള അപാകങ്ങൾ<br>Written By: Usha.A (Asst. Audit Officer, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-24 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -വാലേഷൻ | 1-25 |

| | | |
|---|---|---|
| | കൃത്യമായി നടത്താത്തതിനാൽ അർഹമായ ആനുകൂല്യം നിഷേധിച്ചു<br>Written By: Rajima A.C (Senior Grade Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | |
| 29 | പട്ടികജാതി കുടുംബങ്ങൾക്ക് സൗരറാന്തൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല<br>Written By: Rajima A.C (Senior Grade Auditor, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-26 |
| 30 | സമഗ്ര കാൻസർ നിയന്ത്രണ പരിപാടി-രേഖകളുടെ അഭാവത്തിൽ ₹25000തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 28-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-27 |
| 31 | ആസ്തി സംരക്ഷണ പദ്ധതി<br>Written By: Lathavani (Audit Officer, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 27-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-08-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 25-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 25-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 25-07-2021)<br>Last Updated By: Lathavani (Audit Officer, On 25-07-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 25-07-2021)<br>Last Updated By: Lathavani (Audit Officer, On 25-07-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lathavani (Audit Officer, On 27-07-2021)<br>Last Updated By: Lathavani (Audit Officer, On 27-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 27-07-2021)<br>Last Updated By: Lathavani (Audit Officer, On 27-07-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 27-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Lathavani (Audit Officer, On 27-07-2021)<br>Last Updated By: Lathavani (Audit Officer, On 27-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-08-2021) | 4-10 |
| 11 | ഓഡിറ്റ് ഇംപാക്റ്റ് | 4-11 |

| | | |
|---|---|---|
| | Written By: Usha.A (Asst. Audit Officer, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | |
| 12 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 27-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

| ബജറ്റ് | | തീരുമാനം& തീയതി | പുതുക്കിയ ബജറ്റ് | -തീരുമാനം& തീയതി |
|---|---|---|---|---|
| മുന്നിരിപ്പ് | 8507780 | 1/81/19dt 26.2.2019 | 8507780 | 1/79/2020dt 24.3.2020 |
| വരവ് | 295412000 | | 304889054 | |
| ആകെ | 303919780 | | 31339683 | |
| ചെലവ് | 298712907 | | 308323435 | |
| നീക്കിയിരിപ്പ് | 5206873 | | 5073399 | |

ബജറ്റ് അംഗീകരിക്കുന്നതിനായി വിവിധ ഘടകസ്ഥാപന മേധാവികളിൽ നിന്നും നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകളും അതിനാവശ്യമായ തുകകളും ലഭ്യമാക്കുവാനായി സെക്രട്ടറി 11.1.2019-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതു പ്രകാരമുള്ള വിവരങ്ങൾ ഘടകസ്ഥാപന മേധാവികൾ സമർപ്പിച്ചിട്ടുണ്ട്. ബജറ്റ് മാന്വലിൽ പാലിച്ചിരിക്കേണ്ട വിധത്തിലുള്ള സമയക്രമം മേൽ പറഞ്ഞ നടപടികളിൽ പാലിക്കുന്നില്ല. എന്നാൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റികരട് ബജറ്റ് കൃത്യസമയത്ത് തന്നെ (22.2.2019 ) അംഗീകരിച്ചിട്ടുണ്ട്. പെർഫോർമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ജെന്റർ ബജറ്റിൽ ഗുണഭോക്താക്കളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.7.2020 | 4.6.2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷീക ധനകാര്യ പത്രിക അപാകം - ഡെപ്പോസിറ്റ് തുക ഫോർഫീറ്റ് ചെയ്തത് അദർ ഇൻകത്തിലെടുത്തില്ല

സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയിൽ നിന്നും 16,000 ഫോർഫീറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ഇൻകം & എക്സ്പെൻഡിജർ പത്രികയിൽ I-10 യിൽ അദർ ഇൻകമായി ഉൾപ്പെടുത്തിയിട്ടില്ല

### 1-2-2 വാർഷിക ധനകാര്യ പത്രിക അപാകം - ചെലവഴിക്കാൻ ബാക്കിയുള്ള തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

1-നിക്ഷേപ പ്രവൃത്തികൾക്ക് ഭൂജല വകുപ്പിന് 1,63,000 തുക നൽകിയിട്ടുണ്ട്. സ്ഥാപനം തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗിക്കാൻ ബാക്കിയുള്ള തുക ബാലൻസ് ഷീറ്റിൽ (B-18 ഷെഡ്യൂളിൽ ) ഉൾപ്പെടുത്തിയിട്ടില്ല

2-ഈ വർഷം വികസന ഫണ്ട് എസ് സി പി ,മെയിന്റനൻസ് ഫണ്ട്(റോഡ്) മെയിന്റനൻസ് ഫണ്ട്(റോഡിതരം), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ 60,58,191 രൂപ മാർച്ച് മാസം ക്യൂബിൽ ആയതാണ്. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല .

### 1-2-3 വാർഷീക ധനകാര്യപത്രിക അപാകങ്ങൾ - ആസ്തിമൂല്യം കണക്കാക്കുന്നതിൽ കൃത്യതയില്ല

1.ഗവ ആയുർവേദാശുപത്രിയ്ക്ക് സ്ഥലമെടുപ്പിനായി ചെലവഴിച്ച തുക 16,79,000 തുക സ്ഥിരാസ്തികളിൽ (RP-38ഷെഡ്യൂളിൽ ) ചേർത്തിട്ടില്ല

2.ഈ വർഷം ഗവ ആയുർവേദാശുപത്രിയ്ക്ക് സ്ഥലമെടുപ്പിന് വേണ്ടി 64.50 സെന്റ് സ്ഥലം വാങ്ങിച്ചിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്ററിൽ 4 ആർ സ്ഥലം മാത്രമേ ചേർത്തിട്ടുള്ളൂ.

3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് &പെയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 18403742.95 |
| വരവ് | 54187999.00 |
| ആകെ | 72591741.95 |
| ചെലവ് | 51797093.00 |
| നീക്കിയിരിപ്പ് | 20794648.95 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,71,778 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ക്യൂബിൽ | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | | 1,31,37,454 | 1,31,37,454 * | 1,37,75,000 | 1,55,000 | ഇല്ല |
| വികസന ഫണ്ട് (എസ് സി പി ) | | 14,51,000 | 14,51,000 | 13,45,360 | 1,05,640 | 0 |
| വികസന ഫണ്ട് (ടി എസ് പി ) | | 1,65,000 | 1,65,000 | 0 | | 1,65,000 തിരിച്ചടച്ചു |
| മെയിന്റനൻസ് ഫണ്ട്(റോഡ് ) | | 85,04,000 | 85,04,000 | 9,88,774 | 40,68,221 | 34,47,005 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം ) | | 45,75,000 | 45,75,000 | 22,87,846 | 2,81,050 | 20,06,104 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 1,06,49,625 | 1,06,49,625 | 61,25,193 | 16,03,280 | 29,21,152 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | | |
| ശുചിത്വം | 2,24,728 | 31,437 (പലിശ) | 2,56,165 | 0 | | 2,56,165 |
| ഐസി ഡിഎസ് | 9,74,787 | 10,72,820 | 20,47,607 | 18,00,000 | | 2,47,607 |
| എം പി ഫണ്ട് | 9,289 | 0 | 9,289 | 0 | 0 | 9,289 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത വരവുകൾ | | | | | | |
| ശുചിത്വം | 11,11,,019 | 0 | 11,11,,019 | 3,15,223 | 0 | 7,95,796 |
| ആശ്രയചാലഞ്ച് ഫണ്ട് | | 4,44,748 | 4,44,748 | 4,44,748 | | 0 |
| വിമുക്തി | 34,740 | 0 | 34,740 | 9,410 | | 32,064 |
| പെൻസിൽ ക്യാമ്പ് | | 6,734 | 6,734 | 6,734 | | 0 |
| പ്രളയ ദുരിതാശ്വാസ നിധി | | 77,380 | 77,380 | 55,200 | | 22,180 |
| സാക്ഷരത | 11,198 | 425 | 11,623 | 0 | | 11,623 |
| കേരളോത്സവം | 20,000 | 20,000 | 40,000 | 20,000 | | 20,000 |
| ദുരിതാശ്വാസ നിധി | 56,121 | 2,052 | 58,173 | 5,000 | | 53,173 |
| ഗുണഭോക്തൃ വിഹിതം | 2,65,962 | 2,14,690 | 4,80,652 | 4,62,690 | | 17,962 |

* ജി ഒ പ്രോജക്ട് ചെലവ് (അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം -7,88,400 & വെള്ളക്കരം - 4,146- ) തുക കഴിച്ചുള്ള തുകയാണ് അലോട്ട്മെന്റായി ലഭിച്ചത് . ചെലവിൽ ജി ഒ പ്രോജക്ട് തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

തൻവർഷം ഗ്രാന്റ് വിനിയോഗ പത്രികകൾ ഐ.കെ.എം. തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വിനിയോഗവിവരങ്ങൾ പരിശോധന നടത്തി ബോധ്യപ്പെട്ടതിന് വിധേയമായി അനുബന്ധം 2 സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 181 | 110 | 8,59,03,734 | 102 | 8 | 3,61,94,685 | 71 | 56.35% |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 31,84,605 | 8 | 27,24,109 | 88.88 |
| 2 | വെറ്ററിനറി സർജൻ | 11 | 43,62,080 | 11 | 19,93,510 | 100 |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) | 4 | 7,06,360 | 4 | 7,06,360 | 100 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദ) | 2 | 7,06,000 | 2 | 7,06,000 | 100 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ | 16 | 60,56,267 | 11 | 31,95,070 | 68.75 |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ- | | | | | |
| 6 | ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 64,75,754 | 6 | 51,00,864 | 75 |
| 7 | സെക്രട്ടറി | 44 | 3,47,04,507 | 27 | 1,17,16,607 | 61.36 |
| 8 | അസിസ്റ്റൻറ് എഞ്ചിനിയർ | 76 | 2,74,46,911 | 32 | 80,94,739 | 42.10 |
| 9 | അസിസ്റ്റൻറ് സെക്രട്ടറി | 11 | 22,61,250 | 9 | 19,57,426 | 81.81 |
| | | 181 | 85903734 | 110 | 36194685 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | തിരിച്ചടച്ചത് | ബാക്കി |
|---|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | - | 16713728 | 16713728 | 16713728 | - | - |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2476 | 814670 | 817146 | 475793 | 1407 | 339946 |

2019-20 വർഷം ആക്ഷൻ പ്ലാൻ പ്രകാരം 840 പ്രവൃത്തികൾക്ക് അംഗീകാരം കിട്ടിയതിൽ 81 നടപ്പിലാക്കിയതിൽ 50 എണ്ണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2019-20 വർഷം ആകെ 60756 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ തൻവർഷം 316 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ അനുവദിക്കാനും സാധിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4489200 | 522 |
| വിധവാ പെൻഷൻ | 7773600 | 1152 |
| വാർധക്യകാല പെൻഷൻ | 21500700 | 2747 |
| വികലാംഗ പെൻഷൻ | 2902700 | 361 |
| അവിവാഹിത പെൻഷൻ | 2621400 | 369 |
| വിവാഹ ധനസഹായം | 2,40,000 | 8 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)0 വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-07-2021 തീയതി 2.10 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5836 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2019-20 വർഷം ജീവനക്കാരുടെ യോഗം എല്ലാ മാസങ്ങളിലും ചേർന്നിട്ടില്ല. ഓഫീസ് ഉത്തരവുകൾ യഥാസമയങ്ങളിൽ

പുറപ്പെടുവിക്കുന്നുണ്ടെങ്കിലും, സമഗ്ര ജോലി വിഭജനം ഇക്കാലയളവിൽ നടത്തിയിട്ടില്ല. ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പൂർണ്ണമല്ല. വസ്തു നികുതി ഇ പേയ്മെന്റായി സ്വീകരിക്കുന്നുണ്ട്.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല . ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഫ്രണ്ട് ഓഫീസ്, സൂചിക ബാക്ക് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുന്നുണ്ട്. പുതുക്കി പണിത കെട്ടിടങ്ങൾ കണ്ടെത്തി വസ്തു നികുതി പരിഷ്കരിക്കുവാൻ വാർഡ് ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പുതിയ ധനാഗമ മാർഗ്ഗങ്ങളൊന്നും കണ്ടെത്തിയിട്ടില്ല. ഫയലുകൾ ക്രമമായിസൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-10 ഗ്രാമ സഭ

തൻവർഷം 3 ഗ്രാമസഭ കൂടിയിട്ടുണ്ട്. യോഗങ്ങളിൽ ക്വാറം തികയുന്നുണ്ട്. 2019-20 വർഷത്തെ ഗുണഭോക്തൃ ഗ്രാമ സഭ 2/2019ൽ ചേർന്നിട്ടുണ്ട്. അഡീഷണൽ ഗുണഭോക്തൃപട്ടിക 12.1.2020-ലെ ഗ്രാമസഭയിൽ അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വികസന കാഴ്ചപാട് നയ സമീപനം എന്നിവയെക്കുറിച്ച് ഗ്രാമ സഭയിൽ വിശദീകരിക്കുന്നുണ്ട്.

## 1-11 കമ്മിറ്റികൾ

ആസൂത്രണസമിതി -ആസൂത്രണസമിതിഈ വർഷം പുന:സംഘടിപ്പിച്ചിട്ടില്ല. ആസൂത്രണസമിതിയിൽ 12 അംഗങ്ങൾ ഉണ്ട് 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 5.12.2018നാണ് ആദ്യയോഗം ചേർന്നത്. ഈ യോഗത്തിൽ 2019-20 വർഷത്തെ വാർഷിക പദ്ധതി രൂപീകരണം,2018-19 പദ്ധതി അവലോകനം എന്നിവ ചർച്ച ചെയ്യുകയും, നിർദ്ദേശങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വാർഷിക പദ്ധതിയുടെ രൂപീകരണം നിർവ്വഹണം, അവലോകനം എന്നിവയ്ക്കായി 2019-20 വർഷം 5 തവണ യോഗം ചേർന്നിട്ടുണ്ട്. ഇതിൽ 10/19,1/20 എന്നീ യോഗങ്ങളുടെ അജണ്ട, തീരുമാനം രേഖപ്പെടുത്തിയിട്ടില്ല .

വർക്കിംഗ് ഗ്രൂപ്പ് -13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ വാർഷീക പദ്ധതി പൊതുയോഗംചർച്ച ചെയ്യുന്നതിനായി 22.10.2018 ന് യോഗം ചേർന്നിട്ടുണ്ട്. തുടർന്ന് ഗ്രാമ സഭാനിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനായി 27.11.2018 ന് യോഗം ചേർട്ടുണ്ടെങ്കിലുംതീരുമാനങ്ങളൊന്നുംരേഖപ്പെടുത്തിയിട്ടില്ല .കൂടാതെ പ്രാതിനിധ്യം വളരെ കുറവുമായിരുന്നു . വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചപ്പോൾ ചില വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സിൽ വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തിയതായി കാണുന്നില്ല. പൊതുഭരണംവും ,ധനകാര്യവുംവർക്കിംഗ് ഗ്രൂപ്പ് 2019-20 വർഷം യോഗം ചേർന്ന വിവരങ്ങൾ കൃത്യമല്ല. ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് 5 തവണ യോഗം ചേർന്ന എന്നാൽ 2 യോഗത്തിൽ മാത്രമേ പദ്ധതിചർച്ചകളും തീരുമാനങ്ങളും എടുത്തിട്ടുള്ളൂ. മഹാപ്രളയത്തിന്റേയും, പ്രകൃതി ദുരന്തങ്ങളുടേയും പശ്ചാത്തലത്തിൽ പുതുതായി രൂപീകരിച്ച ജൈവവൈവിധ്യ വർക്കിംഗ് ഗ്രൂപ്പ് 2019-20 വർഷം 3 തവണ കൂടിയിട്ടുണ്ടെങ്കിലും തീരുമാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. വനിതാ വികസനം 2019-20 വർഷം4 തവണ കൂടിയിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവൃത്തിച്ചിട്ടില്ല.
സ്റ്റിയറിംഗ് കമ്മിറ്റി -സ്റ്റിയറിംഗ് കമ്മിറ്റി 2/2020 വരെ പ്രതിമാസം യോഗം ചേർന്നിട്ടുണ്ട്

സ്റ്റാൻഡിംഗ് കമ്മിറ്റി - എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റിയും കൃത്യമായി യോഗം ചേർന്ന് വിലയിരുത്തൽ, നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ ധനാഗമന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ചർച്ചകളൊന്നും നടത്തിയിട്ടില്ല. എന്നാൽ പിണറായി ഗവ: ഐടിഐ കെട്ടിടത്തിന്റെ ഭൗതിക സാഹചര്യങ്ങൾ, ആവർത്തന ചെലവുകൾ എന്നിവയ്ക്കായി ഫണ്ടിന്റെ പരിമിതിയുള്ളതിനാൽ ഇതിനാവശ്യമായ ഫണ്ട് തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന അടവാക്കുന്നതിന് സർക്കാരിനോട് അപേക്ഷിക്കുന്നതിനായി ഭരണസമിതിയോട് ശുപാർശചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ശുപാർശ സമർപ്പിച്ചിട്ടുണ്ടോ എന്നും അനുകൂല മറുപടി ഇക്കാര്യത്തിൽ ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ്.

## 1-12 ഇ- ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

ഇ.ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ് , ഇ എം ഡി എന്നീ ഇനങ്ങളിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യുന്നത്. ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായത് സംബന്ധിച്ചും, നാളിതുവരെയായി ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടും നൽകിയ 14.7.21ലെ 2ാം നം ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ, 30.4.2020 വരെയുള്ള 40484 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തതെന്നും, 2020 ജൂൺ മുതൽ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടുമായി മാപ്പിംഗ് നടത്തിയിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലെ തുക പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭിക്കുവാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-13 വസ്തുനികുതി നിർണ്ണയം അപാകങ്ങൾ

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവക്ക് ചതുരശ്ര മീറ്ററിന് 30 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവക്ക് ച.മീറ്ററിന് 50 രൂപയുമാണ് പിണറായി ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ നിലവിലുള്ള കെട്ടിടത്തിന് ചേർന്ന് നിർമ്മിച്ച 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 2019-20 കാലയളവിൽ 100 ച മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ നികുതി നിരക്ക് ചേർത്താണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി പുറപ്പെടുവിച്ച 27.04.2015 ലെ സ.ഉ (എം.എസ്) നം.144/2015/തസ്വഭവ ഉത്തരവിൽ ഒരു കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച ശേഷം കൂട്ടിച്ചേർക്കൽ ഉണ്ടായിട്ടുണ്ടെങ്കിൽ അപ്രകാരം കൂട്ടിച്ചേർത്ത ഭാഗത്തിന് പുതിയ നിരക്കിലുള്ള നികുതിയാണ് ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.358/2015/തസ്വഭവ തീയതി 16.12.2015 പ്രകാരം മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണവും സർക്കാർ നൽകിയിരുന്നു. 2019-20 വർഷത്തിൽ കൂട്ടിച്ചേർക്കൽ നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പർ, കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | നികുതി | ഇളവ് – ദ്വിതിയ മേഖല – 10% (മേഖല, മേൽക്കൂര) മേൽക്കൂര – 10% നിർമ്മിതി | വർദ്ധനവ് (റോഡ്) 20% (5 മീറ്ററിൽ കൂടുതലുള്ള റോഡ്) | നിർണ്ണയിച്ച നികുതി |
|---|---|---|---|---|---|---|
| പി കെ പ്രശാന്ത്, പി കെ അനിൽ കുമാർ | 11/566A | 44.67m2 (ഒന്നാംനില) | 44.67*30 = 1340.1 | 134.01 ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്73.75 | 268.02 | 1402 |
| പി കെ പ്രശാന്ത്, പി കെ അനിൽ കുമാർ | 11/566B | 35.89m2 | 35.89*30= 1076 | 107.6 ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്59.25 | 215.34 | 1126 |
| പി കെ പ്രശാന്ത്, പി കെ അനിൽ കുമാർ | 11/566 C | 10.55m2 | 10.55*30= 316.56 | 63.3 ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്15.85 | 63.3 | 302 |
| പി കെ പ്രശാന്ത്, പി കെ അനിൽ കുമാർ | 11/566 D | 25.47m2 | 25.47*30= 764.1 | 152.82രൂപ ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്38.25 | 152.82 | 727 |
| പി കെ പ്രശാന്ത്, പി കെ അനിൽ കുമാർ | 11/566E | 46.36m2 | 46.36*30= 1390.8 | 278.16രൂപ ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്69.55 | 278.16 | 1322 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | | 162.94 | | | | |

മേൽ അപാകങ്ങൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 25/27-7-2021 മറുപടിയിൽ 50 രൂപ നിരക്കിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-14 ശ്രീ.സി.എം.പ്രേമൻ അസി.സെക്രട്ടറിക്ക് ടൂർ ട്രാവലിംഗ് അഡ്വാൻസ് അനുവദിച്ചത് ക്രമീകരിച്ചിട്ടില്ല.25,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

2019-20 വർഷം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ശ്രീ.സി.എം.പ്രേമൻ അസി.സെക്രട്ടറിക്ക് ടൂർ ട്രാവലിംഗ് അഡ്വാൻസായി 25,000/-രൂപ അനുവദിച്ചിട്ടുണ്ട്. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | വൗച്ചർ നം | തീയ്യതി | അനുവദിച്ച തുക | തുകകൈപ്പറ്റിയ ഉദ്യോഗ സ്ഥൻ |
|---|---|---|---|---|
| 1 | 21900053 | 26.4.2019 | 25,000/- | ശ്രീ.സി.എം.പ്രേമൻ അസി.സെക്രട്ടറി. |

ടൂർ ട്രാവലിംഗ് അഡ്വാൻസ് അനുവദിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ജി.ഒ (പി) നം 5/13/ഫിൻ തീയ്യതി 2.1.2013 ഖണ്ഡിക 10 അനുസരിച്ച് ടൂർ ട്രാവലിംഗ് അഡ്വാൻസായി യാത്രയ്ക്ക് ചെലവാകുന്ന തുകയുടെ 90% തുക അഡ്വാൻസായി അനുവദിക്കാമെന്നും തുക അനുവദിച്ച് 30 ദിവസത്തിനുള്ളിൽ യാത്ര ചെയ്യേണ്ടതുമാണ്. കൂടാതെ യാത്ര അവസാനിച്ച് ഒരുമാസത്തിനുള്ളിൽ ഫൈനൽ ബിൽ ഹാജരാക്കേണ്ടതുമാണ്. ഒരുമാസത്തിനുള്ളിൽ ഫൈനൽ ബിൽ ഹാജരാക്കാത്ത പക്ഷം അടുത്ത ശമ്പളബില്ലിൽ നിന്ന് അഡ്വാൻസ് നൽകിയ മുഴുവൻ തുകയും തിരിച്ചുപിടിക്കേണ്ടതുമാണ്. ഇപ്രകാരംതുക തിരിച്ചുപിടിച്ചില്ലായെങ്കിൽ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഉത്തരവാദിയാകുകയും അഡ്വാൻസായി അനുവദിച്ച മുഴുവൻ തുകയും 18% പിഴപലിശയോടുകൂടി തിരിച്ചടക്കേണ്ടതുമാണ്.

26.4.2019 ന് ശ്രീ.സി.എം.പ്രേമൻ അസി.സെക്രട്ടറിക്ക് ഹൈദ്രാബാദിലേക്ക് പോകുന്നതിനായി ടൂർ ട്രാവലിംഗ് അഡ്വാൻസായി 25,000/- രൂപ അനുവദിച്ചുവെങ്കിലും നാളിതുവരെയായി ഫൈനൽ ബിൽ ഹാജരാക്കി അഡ്വാൻസ് തീർപ്പാക്കിയതായി കാണുന്നില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനം 18/19-20/ 21.7.2020 മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 25,000/-രൂ തടസ്സത്തിൽവെക്കുന്നു.

## 1-15 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ-രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക ₹9,178/- തടസ്സത്തിൽ വെക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽഎന്ന പദ്ധതി രൂപീകരിച്ച് തനത് ഫണ്ടിൽ നിന്ന് ₹9,178/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ |
| പ്രോജക്ട് നം | 203/2019-20 |
| അടങ്കൽ | ₹1,16,128/-<br>( 10,128-തനത് ഫണ്ട്<br>1,06,000/-ധനകാര്യകമ്മീഷൻ അവാർഡ്) |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | ₹9,178/- |
| വൗച്ചർ നം | 21901084/17.3.2020 |

എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി എൽ.ഇ ഡി സ്ട്രീറ്റ് ലൈറ്റ്വാങ്ങുന്നതിനായി KREWS എന്ന സ്ഥാപനവുമായി നിർവ്വഹണോദ്യോഗസ്ഥൻ 6.2.2020ന് ന്കരാർ ചമയ്ക്കുകയും, ₹9,178/-രൂപ KREWS ന് നൽകുകയും ചെയ്തു .(എസ്.ബിഐ അക്കൗണ്ട്നം .67256868977)

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1.എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങുന്നതിന് തുക ചെലവഴിച്ചെങ്കിലും എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് ഏതൊക്കെ സ്ഥലത്ത് സ്ഥാപിച്ചു എന്നതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് ലഭ്യമായത് സ്റ്റോക്കിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/19-20 തീയ്യതി 21.7.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹9,178/- തടസ്സത്തിൽ വെക്കുന്നു

## 1-16 പൊതു ടാപ്പുകളുടെ എണ്ണവും പ്രവർത്തനക്ഷമവും കാലീകമായിപരിശോധിക്കാതെ കേരളാ ജല അതോറിറ്റിക്ക് വെള്ളക്കരം നൽകുന്നു.

2019-20 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിലുള്ള പ്രദേശങ്ങളിൽ പൊതു ടാപ്പുവഴി ജലവിതരണം നടത്തിയതിന് കേരളാജല അതോറിറ്റിക്ക് വാട്ടർ ചാർജ്ജിനത്തിൽ തനത് ഫണ്ടിൽ നിന്ന് ₹ 7,34,167/- നൽകിയിട്ടുണ്ട്. വിശദാംശങ്ങൽ താഴെ നൽകുന്നു.

| വാട്ടർ ചാർജ്ജ് ഒടുക്കിയ മാസം | തുക | വൗച്ചർ നം / തീയ്യതി | തുക കൈപ്പറ്റിയ ഓഫീസ് |
|---|---|---|---|
| ഏപ്രിൽ 2019 | 63,875/- | 21900052/26.4.2019 | K.W.Aഎക്സിക്യൂട്ടിവ് എഞ്ചിനീയറുടെകാര്യാലയം കണ്ണൂർ |
| മെയ് 2019 | 37,760/- | 21900107/13.5.2019 | ,, |
| ജ്യൂൺ 2019 | 63,875/- | 21900206/11.6.2019 | ,, |
| ജ്യൂലായ്2019 | 63875/- | 21900330/25.7.2019 | ,, |
| ആഗസ്ത് 2019 | 63,046/- | 21900419/21.8.2019 | ,, |
| സപ്തംബർ 2019 | 63,875/- | 21900508/18.9.2019 | ,, |
| ഒക്ടോബർ 2019 | 63,875/- | 21900610/21.10.2019 | ,, |
| നവംബർ 2019 | 63,875/- | 21900680/21.11.2019 | ,, |
| ഡിസംബർ 2019 | 63875/- | 21900764/18.12.2019 | ,, |
| ജനവരി 2020 | 58,486/- | 21900839/16.1.2020 | ,, |
| ഫിബ്രവരി 2020 | 63,875/- | 21900982/17.2.2020 | ,, |
| മാർച്ച് 2020 | 63,875/- | 21901066/11.3.2020 | ,, |

മുകളിൽ കാണിച്ച പട്ടിക പ്രകാരം ₹7,34,167/- 2019-20വർഷം കേരളാ ജല അതോറിറ്റി ,കണ്ണൂർ ഡബ്ല്യു.എസ് സെക്ഷന് നൽകിയെങ്കിലും ഗ്രാമ പഞ്ചായത്തിൽ എത്ര പൊതു ടാപ്പുകൾ ഉണ്ടെന്നും, ഇതിൽ എത്ര എണ്ണം പ്രവർത്തന ക്ഷമമാണെന്നും പഞ്ചായത്തും കേരളാ ജല അതോറിറ്റിയും സംയുക്തമായി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 24/19-20/21.7.21 ന് ഹാജരാക്കിയ മറുപടിയിൽ ജല അതോറിറ്റിയുമായി ചേർന്ന് പരിശോധന നടത്താമെന്നറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-17 കുഴൽകിണർനിർമ്മാണം- കരാർ ഉടമ്പടി ചമയ്ക്കൽ, ഫണ്ട് വിനിയോഗം,പദ്ധതി പൂർത്തീകരണ വിവരങ്ങൾ,മോണിറ്ററിംഗ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല -ചെലവ് തുക1,63,000/-രൂപ തടസ്സത്തിൽവെക്കുന്നു

2019-20 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്യാസ് ശ്മശാനത്തിൽ

കുഴൽകിണർനിർമ്മാണം എന്ന പദ്ധതിക്കും ഉമ്മൻചിറ അംഗൻവാടിയിൽ കുഴൽകിണർനിർമ്മാണം എന്ന പദ്ധതിക്കും ധനകാര്യകമ്മീഷൻഅവാർഡ് ഫണ്ടിൽനിന്ന് യഥാക്രമം88,000/- രൂപയും, 75,000/-രൂപയും ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗ്യാസ്, ശ്മശാനത്തിൽ കുഴൽ കിണർ നിർമ്മാണം |
|---|---|---|
| 1 | പ്രോജക്റ്റ് നം | 22 /19-20 |
| | അടങ്കൽ | 1,13,000/-<br>(88,000/- ധനകാര്യകമ്മീഷൻഅവാർഡ് )<br>(25,000/-തനത്ഫണ്ട്) |
| | നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| | ചെലവ് | 88,000/- ധനകാര്യകമ്മീഷൻഅവാർഡ് ) |
| | ബിൽനം | 28/19-20 20.1.20 |
| 2 | പദ്ധതിയുടെ പേര് | ഉമ്മൻചിറ അംഗൻവാടിയിൽ കുഴൽകിണർ നിർമ്മാണം |
| | പ്രോജക്റ്റ് നം | 176/19-20 |
| | അടങ്കൽ | 1,00,000/- |
| | നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| | ചെലവ് | 75,000/- ധനകാര്യകമ്മീഷൻഅവാർഡ് ) |
| | ബിൽനം | 29/19-20/20.1.20 |

മേൽ പദ്ധതികളുടെ നിർവ്വഹണത്തിനായി കണ്ണൂർ ജില്ലാ ഭൂജലവകുപ്പ് ജില്ലാ ഓഫീസറുടെ ജില്ലാട്രഷറിയിലെ സ്പെഷൽ ടി.എസ്.ബി അക്കൗണ്ട് നം 719011400000020ൽ യഥാക്രമം88,000രൂപയും, 75,000/-രൂപയും 20.1.2020 ന് സെക്രട്ടറി നിക്ഷേപിച്ചിട്ടുണ്ട്. കുഴൽകിണർ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ്, പര്യവേക്ഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് തുക നിക്ഷേപിച്ചതെങ്കിലും തുടർ നടപടികളായ കരാർ ഉടമ്പടി ചമയ്ക്കൽ, ഫണ്ട് വിനിയോഗം,പദ്ധതി പൂർത്തീകരണ വിവരങ്ങൾ, മോണിറ്ററിംഗ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല -ചെലവ് തുക1,63,000/-രൂപ തടസ്സത്തിൽവെക്കുന്നു. ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 10/19-20/20.7.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 ഐ.കെ.എം ,എസ്.എസ്.എ എന്നിവയ്ക്ക് പഞ്ചായത്ത് വിഹിതം നൽകൽ- എല്ലാചെലവ് വിനിയോഗ വിവരങ്ങളും സൂക്ഷിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് 2019-20 വർഷം ഐ.കെ.എം, എസ്.എസ്.എ എന്നിവയ്ക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനുവേണ്ടി പദ്ധതി രൂപീകരിച്ച് വികസനഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതിയുടെ തുടർപ്രവർത്തനം ഗ്രാമപഞ്ചായത്ത് മോണിറ്റർ ചെയ്യുകയോ, തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമനം.1 | പ്രോജക്ടിന്റെ പേര് | ഐ.കെ.എം ന് വിഹിതം നൽകൽ |
|---|---|---|
| | പ്രോജക്റ്റ് നം | 39/2019-20 |
| | | |

| | | |
|---|---|---|
| | അടങ്കൽ | ₹65,482/- വികസനഫണ്ട് |
| | നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| | ചെലവ് | ₹65,482/- വികസനഫണ്ട് |
| | ബിൽനം | 17/19-20/30.8.2019 |
| ക്രമനം. 2 | പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം നൽകൽ |
| | പ്രോജക്ട് നം | 8/2019-20 |
| | നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| | ചെലവ് | ₹13,31,772/- വികസനഫണ്ട് |
| | ബിൽനം | 31/19-20/17.8.2019 |

ഐ.കെ.എം ന് വിഹിതം നൽകൽ എന്ന പദ്ധതിക്ക് വികസനഫണ്ടിൽ നിന്ന് 65,482/- രൂപയും എസ്.എസ്.എക്ക് വിഹിതം നൽകൽ എന്ന പദ്ധതിക്ക് വികസനഫണ്ടിൽ നിന്ന് 13,31,772/-രൂപയും നിർവഹണോദ്യോഗസ്ഥനായ സെക്രട്ടറി പിൻവലിച്ച് യഥാക്രമം ഐ.കെ.എം പ്രോജക്ട് ഡയറക്ടറുടെ എസ്.ബി.ഐ അക്കൗണ്ട് നം 57047023512 എന്നതിലേക്കും,എസ്.എസ്.എ കണ്ണൂർ ജില്ലാ പ്രൊജക്ട് ഓഫീസറുടെ കനറാ ബാങ്ക് അക്കൗണ്ട് നം 1139101070109 എന്നതിലേക്കും നൽകിയിട്ടുണ്ട്.

തുക ചെലവഴിച്ചതിന്റ ചെലവ് വിവരങ്ങൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 13/19-20/20.7.2021 ന് ഹാജരാക്കിയ മറുപടിയിൽ എസ്.എസ്.എ വിഹിതം നൽകിയതിന് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയെങ്കിലും 13,31,772/-രൂപ പിണറായി പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏതൊക്കെ ആവശ്യങ്ങൾക്ക് എത്രരൂപ വീതം ചെലവഴിച്ച എന്നതിന്റെ വിശദമായ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഐ.കെ.എം ന് വിഹിതം നൽകിയ 65,482/- രൂപ ചെലവഴിച്ചതിന് ഹാജരാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ഐ.കെ.എം തയ്യാറാക്കി വരുന്നതായാണ് അറിയിച്ചത്. എസ്.എസ്.എ വിഹിതം നൽകിയതിന്റെ പൂർണ്ണ ചെലവ് വിവരവും, ഐ.കെ.എം ന് വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രവും അതത് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-19 പദ്ധതി രൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗിനും പ്രോജക്ട് വഴി പണം വകയിരുത്തിയിട്ടും തനത് ഫണ്ടിൽനിന്ന് തുക ചെലവഴിക്കുന്നു

2019-20 വർഷത്തെ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി താഴെ പറയുന്നവിധം പ്രോജക്ട് രൂപീകരിച്ചും അല്ലാതെയുംതുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് രൂപീകരിച്ച് ചെലവഴിച്ച തുകയുടെ വിവരങ്ങൾ | പ്രോജക്ട് വഴിയല്ലാതെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ |
|---|---|
| പ്രോജക്ട് നം 33/19-20<br>അടങ്കൽ-3,00,000/-<br>(98,455/-വികസനഫണ്ട്+2,01,545/-തനത് ഫണ്ട്)<br>ചെലവ്-1,51,970/-(98,455/- വികസനഫണ്ട്+ 53,515/-തനത് ഫണ്ട്) | 1.ചെലവഴിച്ചതുക-11,825/-<br>വൗച്ചർനം- 21900055<br>തീയ്യതി - 27.4.2019<br>2 . ചെലവഴിച്ചതുക- 41,250/-<br>വൗച്ചർനം- 21900754<br>തീയ്യതി - 13.12.2019 |

സർക്കാർ ഉത്തരവ് (കൈ) നം 11/2018/തസ്വഭവ തീയ്യതി 29.1.2018 വാർഷീക പദ്ധതികൾ തയ്യാറാക്കുന്നതുനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 8 ഉപഖണ്ഡിക 1 അനുസരിച്ച് പദ്ധതി രൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗ് എന്നിവയുടെ ചെലവുകൾക്കായി വാർഷീക പദ്ധതിയിൽ ഒരു പ്രോജക്ട് രൂപീകരിക്കേണ്ടതാണ്. കൂടാതെ ഉപഖണ്ഡിക3 അനുസരിച്ച് പദ്ധതി രൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗ് എന്നിവയുടെ ഫീൽഡ് തല ചെലവുകൾ (ഭക്ഷണമുൾപ്പെടെ) ഈ പ്രൊജക്ടിൽ നിന്നും നൽകേണ്ടതുമാണ്.

പദ്ധതി രൂപീകരണവും നിർവ്വഹണവും മോണിറ്ററിംഗ് എന്നിവയ്ക്കായി പദ്ധതിരൂപീകരിക്കുകയും ഫണ്ട് വകയിരുത്തുകയും ചെയ്തിരിക്കെ പദ്ധതിക്ക് പുറമെ 53,075/-രൂപ തനത്ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/19-20 /21.7.2021 ന് ലഭ്യമാക്കിയ മറുപടി അപാകത പരിഹരിക്കുന്നതിന് പര്യാപ്തമല്ല. ഭാവിയിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 മൺചട്ടിയിലെ പച്ചക്കറി കൃഷി (എസ് സി) -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ ,പേര് | 73/20 മൺചട്ടിയിൽ പച്ചക്കറി കൃഷി (എസ് സി) |
| അടങ്കൽ | വികസന ഫണ്ട് -65000<br>ഗുണഭോക്തൃ വിഹിതംസ്ഥാപനത്തിൽ അടക്കുന്നത് -21665 |
| ചെലവ് | 78,840 രൂപ |
| ബിൽ നമ്പർ ,തീയതി ,തുക | 10/19-20 Dt 12/1/20 -59,130രൂപ<br>34610 Dt 30/3/2020 -19,710രൂപ |

മേൽ പദ്ധതി പ്രകാരം മൺചട്ടി പോട്ടിംഗ് മിശ്രിതം നിറച്ചത് ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.നിജിൽ.എം എന്നആളിൽ നിന്നും 146 രൂപ ക്ക് 540 ചട്ടികൾ വാങ്ങി 54 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്

മൺചട്ടികൾ വിതരണം ചെയ്ത ഗുണഭോക്താക്കളുടെഅംഗീകരിച്ച ലിസ്റ്റ് ഉണ്ടെങ്കിലും ഗുണഭോക്താക്കൾ പട്ടികജാതിക്കാർ ആണെന്ന് തെളിയിക്കുന്നരേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം കുടുംബശ്രീ യൂണിറ്റുകൾ, കർഷകഗ്രൂപ്പുകൾ സ്വയംനിർമ്മിക്കുന്നതാണ് ചട്ടികൾ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം എന്നും യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 28 തീയതി 28/7/21) ഗുണഭോക്താക്കൾ എസ് സി വിഭാഗത്തിൽ പെടുന്നവരാണെന്ന എസ് സി പ്രമോട്ടറുടെ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട് . കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന മൺചട്ടികൾ ലഭ്യമല്ലാത്തതിനാൽ ആണ് ടെണ്ടർക്ഷണിച്ച് ചട്ടികൾ വാങ്ങിയത് എന്നും മറുപടി നൽകിയിട്ടുണ്ട്. കോവിഡ് സമയമായതിനാൽ വാർഡുകളിൽ വിതരണം ചെയ്തപ്പോൾ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ഗുണഭോക്താക്കളിൽ നിന്നും ബന്ധപ്പെട്ടരേഖകൾ ലഭ്യമല്ലാത്തതിനാലാണ് പ്രമോട്ടറുടെ റിപ്പോർട്ട് പ്രകാരവും അംഗീകരിച്ച ലിസ്റ്റ് അടിസ്ഥാനത്തിലും മൺചട്ടിവിതരണം ചെയ്തത് എന്ന് മറുപടി നൽകിയിട്ടുണ്ട് ഗുണഭോക്താക്കളുടെ അർഹത ഉറപ്പ് വരുത്തി ആനുകൂല്യങ്ങൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-21 തരിശു നെൽ കൃഷി -പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ ,പേര് | 182/20 -തരിശു നെൽ കൃഷി |
| അടങ്കൽ | വികസന ഫണ്ട് - 2,00,000<br>ഗുണഭോക്തൃ വിഹിതം(നേരിട്ട്) 66,665 |
| ബിൽ നമ്പർ ,തീയതി ,തുക | 7/19-20 Dt 11/10/19 2,00,000 |
| ചെലവ് | 2,00,000 |

മേൽ പദ്ധതി പ്രകാരം തരിശു നെൽക്കൃഷിക്കായി ഗ്രാമ പഞ്ചായത്ത് പരിധിയിലെ നാല് പാടശേഖരസമിതികൾക്കായി 2,00,000 രൂപ നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ വൗച്ചറിൽ

തരിശ്ശ ഭൂമി കൃഷി യോഗ്യമാക്കുന്നതിന് ജൈവവളം വാങ്ങിയതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. നിലം മൂന്ന വർഷത്തിലധികമായി തരിശാണെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. തരിശ് ഭൂമിയുടെ വിസ്തീർണ്ണം കാണിക്കുന്നരേഖകൾ സൂക്ഷിച്ചിട്ടില്ല. നിലം ഒരുക്കുന്നതിന് വേണ്ടി ചെയ്ത മറ്റ് പ്രവൃത്തികളുടെയും തുടർ പ്രവർത്തനങ്ങളുടെയും വിവരങ്ങൾ ലഭ്യമല്ല. തരിശ്ശ നെൽക്കൃഷിക്ക് വേണ്ടി നിർദ്ദേശിക്കപ്പെട്ട ആനുകൂല്യം രണ്ട് തവണകളായി – ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലും – നൽകാൻ വ്യവസ്ഥ ഉണ്ടെങ്കിലും ഇവിടെ ഒറ്റ തവണയായിട്ടാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(8/18-19 തീയതി 20/7/21) 10 ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്തിരുന്നത് എന്നുംആയത് തരിശാണ് എന്നുള്ള കൃഷി ഓഫീസറുടെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. . തരിശ്കൃഷിക്ക് കൃഷി വകുപ്പ് മുഖേനയും പദ്ധതികൾ ഉണ്ടായിരുന്നു എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും അതിൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ എന്താണെന്ന് മറുപടി നൽകിയിട്ടില്ല. കർഷകർ ജൈവവളത്തിന്റെ വൗച്ചർ ഹാജരാക്കാൻ വൈകിയതിനാലാണ് ആനുകൂല്യം ഒറ്റത്തവണ ആയി നൽകിയത് എന്നും മറുപടി നൽകിയിട്ടുണ്ട് എന്നാൽ പാടശേഖര സമിതി സമർപ്പിച്ച വളത്തിന്റെ വൗച്ചർ ആണ് ഓഡിറ്റിന് ഹാജരാക്കിയത്. പദ്ധതി നടപ്പാക്കുക വഴി ഉത്പാദനവർദ്ധനവിന് ഉപയുക്തമായിട്ടുണ്ടോ എന്നത് മോണിറ്ററിങ്ങ് സമിതി വിലയിരുത്തിയിട്ടില്ല. ജൈവവളം വിതരണം ചെയ്യുക മാത്രമാണ് മോണിറ്ററിങ്ങ് സമിതി വിലയിരുത്തിയത്. തരിശ് നെൽക്കൃഷി പദ്ധതി ലക്ഷ്യം പൂർണ്ണമായി നേടിയിട്ടുണ്ടോ എന്നത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്റർ ചെയ്തിട്ടില്ല. പഞ്ചായത്തിലെ തരിശ്ഭൂമി പൂർണ്ണമായും കൃഷിക്ക് ഉപയുക്തമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച മോണിറ്ററിങ്ങ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

## 1-22 പൂക്കൃഷി വനിത ഗ്രൂപ്പുകൾക്ക് -പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ ചെലവ് തുക 249600രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ ,പേര് | 180/20 -പൂക്കൃഷി(ലൂസ് ഫ്ലവേഴ്സ് )വനിത ഗ്രൂപ്പുകൾക്ക് |
| അടങ്കൽ | വികസന ഫണ്ട് 249600<br>ഗുണഭോക്തൃ വിഹിതം(നേരിട്ട്) 83200 |
| ബിൽ നമ്പർ ,തീയതി ,തുക | 6/19-20 Dt 11/10/19 189000<br>9/19-20 Dt 20/1/20 60600 |
| ആകെ ചെലവ് | 249600 രൂ |

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽ പൂക്കൃഷി നടത്തുന്നതുമായി ബന്ധപ്പെട്ട് ബിൽ നമ്പർ 6, ബിൽ നമ്പർ 9 പ്രകാരം 27 ഗ്രൂപ്പുകളുടെ പ്രതിനിധികളായ് വ്യക്തികളുടെ അക്കൗണ്ടിലേക്ക് പണം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം പൂ കൃഷിക്ക് ഒരു ഹെക്ടറിന് പരമാവധി 16000 രൂപ നൽകാവുന്നതാണെന്നും കുറഞ്ഞത് 10 സെന്റ് കൃഷി ചെയ്യണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് . എന്നാൽ ആനുകൂല്യം ലഭിച്ച വ്യക്തികൾ കൃഷി ചെയ്ത ഭൂമിയുടെ വിസ്തീർണ്ണംകാണിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല .സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് പരിശോധിക്കാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

സബ്സിഡി രണ്ട് ഘട്ടമായി നൽകണം – മൂന്നിൽ ഒന്ന് ആദ്യവും മൂന്നിൽ രണ്ട് വിളവെടുപ്പിന് ശേഷവും. എന്നാൽ ഇവിടെ സബ്സിഡി ഒറ്റ തവണയായിട്ടാണ് നൽകിയത്. രണ്ട് ബില്ലുകളിലായി നാല് ഗ്രൂപ്പുകൾക്കാണ് രണ്ട് തവണ സബ്സിഡി നൽകിയത് .

പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് പ്രകാരം 50 ഗ്രൂപ്പുകൾക്ക് പ്രയോജനം ലഭ്യമായി എന്നും 1.624 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു എന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ രണ്ട് ബില്ലുകളിലായി 27 പേർക്ക് മാത്രമേ ആനുകൂല്യം നൽകിയതായി കാണുന്നുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നമ്പർ19 തീയതി 21-7-21-ന് 27 കുടുംബശ്രീ ഗ്രൂപ്പുകൾക്കാണ് ആനുകൂല്യം നൽകിയത് എന്നും പ്രസ്തുത ഗ്രൂപ്പിന്റെ പ്രതിനിധികളുടെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തത് എന്നും മറുപടിനൽകിയിട്ടുണ്ട്. ഓരോ ഗ്രൂപ്പുകളുംകൃഷി, ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് കൃഷി ഓഫീസർ ഹാജരാക്കിയിട്ടുണ്ട്. സ്റ്റേറ്റ്മെന്റ് പ്രകാരം 480 സെന്റ് സ്ഥലത്താണ് കൃഷി ചെയ്തത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഭൂവിസ്തൃതി കാണിക്കുന്ന രേഖകളോ പാട്ടക്കൃഷിയാണെങ്കിൽ അത് സംബന്ധിച്ച രേഖകളോ ഹാജരാക്കിയില്ല. മേൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 27 ഗ്രൂപ്പുകൾ 480 സെന്റ് സ്ഥലത്താണ് കൃഷി ചെയ്തത്. ഇത് പ്രകാരം ഇവർക്ക് പൂക്കൃഷിയുടെ ആനുകൂല്യം എന്ന നിലയിൽ പരമാവധി 30720 രൂപ മാത്രമേ നൽകാൻ പാടുള്ളൂ എന്നാൽ ജൈവവളത്തിനുള്ള ആനുകൂല്യം എന്ന നിലയിൽ നൽകുക വഴി പൂക്കൃഷിക്ക് അനുവദനീയമായതിലും അധികം തുക നൽകിയിട്ടുണ്ട്

ഓരോ ഗ്രൂപ്പുകളും മിനിമം 10 സെന്റ് സ്ഥലമെങ്കിലും കൃഷി ചെയ്യണമെന്ന് വ്യവസ്ഥ ഉണ്ടെങ്കിലും ആനുകൂല്യം അനുവദിച്ചസോപാനം, പൗർണ്ണമി, പുഴയോരം, പവിഴം, പുലരി, ജ്യോതിസ്സ് തുടങ്ങിയ യൂണിറ്റുകൾ 5 സെന്റ് സ്ഥലത്തും ചൈതന്യ എന്നയൂണിറ്റ് ഒരു സെന്റ് സ്ഥലത്തുംകൃഷി ചെയ്തതായാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ഇത്തരം ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല

പൂക്കൃഷിക്ക് എല്ലാ ചെലവും ഉൾപ്പെടെ ഹെക്ടറിന് പരമാവധി 16000 രൂപയേ നൽകാവൂ എന്ന് വ്യവസ്ഥ ഉണ്ടെങ്കിലും സ്വപ്നതീരം ഗ്രൂപ്പ് 40 സെന്റ് സ്ഥലത്ത് കൃഷി ചെയ്തതിന് 24000 രൂപ നൽകിയിട്ടുണ്ട് .

അപാകങ്ങൾക്ക് വിശദമായ മറുപടി ചെലവുമായി ബന്ധപ്പെട്ടമുഴുവൻ രേഖകൾ സഹിതം ഹാജരാക്കുന്നത് വരെ ചെലവ് തുക249600 രൂപ തടസ്സപ്പെടുത്തുന്നു

## 1-23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ ,പേര് | 44/20 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | വികസന ഫണ്ട് - 3,12,500 രൂപ<br>ഗുണഭോക്തൃ വിഹിതം - 6,25,000<br>സംസ്ഥാനാവിഷ്കൃത വിഹിതം – 3,12,500 |
| ബിൽ നമ്പർ ,തീയതി ,തുക | ബിൽ നമ്പർ 11/19-20 Dt 20/1/20 |
| ചെലവ് | 3,12,500 രൂപ |

മേൽ പദ്ധതി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 3,12,500 രൂപ പിൻവലിച്ച് ഡെപ്യൂട്ടി ഡയറക്ടർ, എസ് എൽ ബിപി കണ്ണൂർ എന്നവരുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ വിഹിതം എന്ന നിലയിൽ ഒരു കുന്നുകുട്ടിക്ക് 6,250 രൂപ നിരക്കിൽ 50 കന്നുകുട്ടികൾക്കുള്ള വിഹിതം എന്നനിലയിൽ3,12,500 രൂപ നൽകിയത്. മേൽ പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം, സംസ്ഥാനാവിഷ്കൃത വിഹിതം എന്നിവയുടെ ചെലവ് വിവരം ലഭ്യമല്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6 തീയതി 20-7-21) നൽകിയ മറുപടി അനുസരിച്ച് 32 മാസത്തേക്ക് കന്നുകുട്ടി തീറ്റ എസ് എൽ ബി പി തലശ്ശേരി സർക്കിൾ മുഖാന്തിരം വിതരണം നടത്തിക്കൊണ്ടിരിക്കയാണ് എന്നും പദ്ധതി പൂർത്തീകരിക്കുമ്പോൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള അപാകങ്ങൾ

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള അപാകങ്ങൾ താഴെപറയുന്നു

1. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് രേഖപ്പെടുത്തുന്ന സാങ്കേതികാനമതി സ്റ്റേറ്റ്മെന്റ് എന്നിവ ഫയലിൽ സൂക്ഷിക്കുന്നില്ല. കരാറിൽ സാക്ഷികൾ ഒപ്പിടുന്നില്ല .

2.മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല.

3.പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടില്ല . കാലാവധി ദീർഘിപ്പിച്ച് നൽകുന്ന ഭരണസമിതി തീരുമാനം മാത്രമാണ് കാണുന്നത് .

4. സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അപ്രകാരം പൂർത്തിയാക്കുന്നില്ല .

5.സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസങ്ങൾക്കുള്ളിൽ ഈ കരാറുകാർ തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായി എഗ്രിമെന്റ് ചമയ്ക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പല നോട്ടീസുകളിലും നോട്ടീസ് അയച്ച തിയതി രേഖപ്പെടുത്തിയിട്ടില്ല. ഇതുകാരണം കരാർ ചമക്കുന്നതിനുള്ള നിർദ്ദിഷ്ട കാലയളവ് പരിധി കരാറുകാർ പാലിക്കുന്നുണ്ടോ എന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല.

ഇത്തരം അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -വാല്വേഷൻ കൃത്യമായി നടത്താത്തതിനാൽ അർഹമായ ആനുകൂല്യം നിഷേധിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ ,പേര് | 128/20,പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി. പി ) 160000 |
| ബിൽ നമ്പർ ,തീയതി ,തുക | 1/19-20 Dt 2/5/19 33,983 രൂപ<br>2/19-20 Dt 2/5/19 1,00,000 രൂപ |
| ചെലവ് | 1,33,983 രൂപ |

2019-20 വർഷം സ്പിൽ ഓവർ പ്രോജക്ടായി നിർവ്വഹണം ചെയ്ത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽ പെട്ട രമ്യ വി (അനന്തു), ഷാജി എം കെ (അനുഗ്രഹ് ) എന്നവർക്ക് മേൽ ബില്ലുകൾ പ്രകാരം 33,983 രൂപ , 1,00,000രൂപ യഥാക്രമം പഠനമുറിയുടെ പൂർത്തീകരണത്തിനായി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1)ശ്രീമതി രമ്യ എന്നവർ സമർപ്പിച്ച വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 2,23,870 രൂപ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും പഠനമുറിക്കായി 2018-19,2019-20 വർഷങ്ങളിലായി ആകെ 1,73,983 രൂപ മാത്രമേ നൽകിയിട്ടുള്ളൂ.

2) മേൽ രണ്ട് ഗുണഭോക്താക്കളുടെയും ഫയലിൽ പഠനമുറിയുടെയോ നിലവിലുള്ള വീടിന്റെയോ പ്ലാൻ, കംപ്ലീഷൻ പ്ലാൻ എന്നിവ സമർപ്പിച്ചിട്ടില്ല. എന്നാൽ പഞ്ചായത്തിൽ നിന്ന് നൽകിയ എൻ ഒ സി പ്രകാരം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭാഗത്തിന്റെ വിസ്തീർണ്ണം 17.2m2 (185 സ്ക്വയർ ഫീറ്റ്), 21.58(232.28 സ്ക്വയർ ഫീറ്റ്) എന്നും കാണിച്ചിട്ടുണ്ട്. സ.ഉ.(സാധാ)2636/2018/തസ്വഭവ 15.10.18 പ്രകാരം ധനസഹായം അനുവദിക്കാവുന്ന പഠനമുറിയുടെ തറവിസ്തീർണ്ണം 120 ച അടിയിൽ അധികരിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/19-20 തീയതി 20-7-21 )എൻ ഒ സി യിൽ കാണിച്ചിട്ടുള്ള തറവിസ്തീർണ്ണം സ്റ്റെയർ റൂം ഉൾപ്പെട്ടതാണ് എന്നും വാല്വേഷൻ സ്റ്റേറ്റ്മെന്റിൽ സ്റ്റെയർ റൂമിന്റെ തുക ഉൾപ്പെട്ടിട്ടുണ്ടോ എന്ന സംശയത്താലാണ് സ്പിൽ ഓവർ പദ്ധതിയായി കുറവ് വന്ന തുക വകയിരുത്തിയിട്ടും മുഴുവൻ തുകയും നൽകാതിരുന്നത് എന്നും, ഗുണഭോക്താവ് വീണ്ടും തുകക്ക് ആവശ്യപ്പെട്ടിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. പട്ടികജാതിക്കാരുടെ ഉന്നമനത്തിന് വേണ്ടി നടത്തുന്ന ഇത്തരം

പദ്ധതികളിൽ മാർഗ്ഗരേഖയിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതും പ്രവൃത്തിയുടെ മൂല്യനിർണ്ണയം കൃത്യമായി നടത്തി അർഹതപ്പെട്ട ആനുകൂല്യംഗുണഭോക്താക്കൾക്ക് നൽകേണ്ടതുമാണ്.

## 1-26 പട്ടികജാതി കുടുംബങ്ങൾക്ക് സൗരറാന്തൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ ,പേര് | 14/20 പട്ടികജാതി കുടുബങ്ങൾക്ക് സൗരറാന്തൽ |
| അടങ്കൽ | വികസന ഫണ്ട് (എസ് എസ് പി ) 56700<br>ഗുണഭോക്തൃ വിഹിതം 6300 |
| ബിൽ നമ്പർ ,തീയതി ,തുക | 19/19-20 Dt 5/2/2020 56700 രൂപ<br>ചെക്ക് നമ്പർ 216038 Dt 27/1/2020 -6300 രൂപ |
| | |

മേൽ പദ്ധതി പ്രകാരം പട്ടികജാതിയിൽ പെട്ട 18 കുടുംബങ്ങൾക്ക് സൗരറാന്തൽ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 3500രൂപയ്ക്ക് 18 സൗരറാന്തൽ വാങ്ങി 18 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സബ്സിഡി നൽകുന്നതിൽ നിയന്ത്രണം എന്ന ഖണ്ഡികയിൽ സൗരറാന്തൽ (വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ എസ്,സി, എസ് ടി വിഭാഗത്തിലെ വീടുകൾക്ക് ഒഴികെ) വാങ്ങുന്നതിന് സബ്സിഡി നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞടുക്കുമ്പോൾ നിലവിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്ത കുടുംബങ്ങൾ ആണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നമ്പർ 5 തീയതി 20-7-21 ) പട്ടികജാതി ഗ്രാമസഭ വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ ആവശ്യപ്പെട്ട ഈ പദ്ധതി പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുക, വൈദ്യുതി മിച്ചം പിടിക്കുക എന്നീ സദുദ്ദേശത്തോടെയാണ് നടപ്പാക്കിയത് എന്നും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പട്ടികജാതിക്കാരാണ് ഗുണഭോക്താക്കൾ എന്നുമാണ് മറുപടി നൽകിയത്. മാർഗ്ഗരേഖയിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ പട്ടികജാതി, പട്ടികവർഗ്ഗക്ക് മാത്രമേ സൗരറാന്തൽ വിതരണം ചെയ്യാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ മേൽ മാനദണ്ഡം പാലിക്കാതിരുന്നത് ശരിയായ നടപടിയല്ല. പദ്ധതി നിർവ്വഹണം ചെയ്യുമ്പോൾ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 സമഗ്ര കാൻസർ നിയന്ത്രണ പരിപാടി-രേഖകളുടെ അഭാവത്തിൽ ₹25000തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>പി .എച്ച്.സി/സി.എച്ച്.സി |
| പ്രോജക്റ്റ് പേര് /നമ്പർ | 120/2019-2020(സമഗ്രകേൻസർ നിയന്ത്രണ പരിപാടി ) |
| അടങ്കൽ | 25000(വികസന ഫണ്ട്) |
| ആകെ | 25000 |
| ചെലവ് | 25000(വികസന ഫണ്ട്) |
| ബിൽ നമ്പർ | 2/19-20,9/5/2019 |

പഞ്ചായത്തിലെ ജനങ്ങൾക്കിടയിൽ കാൻസർ രോഗം നേരത്തേ കണ്ടുപിടിക്കുന്നതിനായി രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിൽ, കാൻസർ രോഗനിർണ്ണയ ക്യാമ്പിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ ചെലവ് ഇനത്തിൽ 6000/-രൂപയും, 10000 രൂപ ഡോക്ടർ, കോ-ഓർഡിനേറ്റർ, സൈറ്റോ ടെക്നീഷ്യൻ

ഉടങ്ങിയവർക്ക് ഓണറേറിയം ഇനത്തിൽ നൽകുന്നതിനും മറ്റു അനുബന്ധ ചെലവുകൾ ഉൾപ്പെടെ 25000/-രൂപ കാൻസർ കെയർ സൊസൈറ്റി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

കാൻസർ ബോധവൽക്കരണം, കാൻസർ രോഗലക്ഷണമുള്ളവരെ കണ്ടെത്തൽ, കാൻസർ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കൽ എന്നിവയാണ് പദ്ധതിയുമായി ബന്ധപ്പെട്ട് നടത്താൻ ഉദ്ദേശിച്ച പ്രവർത്തനങ്ങൾ. 11.12.18-ൽ കാൻസർ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ ക്യാമ്പിൽ എത്ര പേർ പങ്കെടുത്തുവെന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല കാൻസർ രോഗലക്ഷണമുള്ളവരെ കണ്ടെത്തിയതിന്റെയും രേഖകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ ചെലവ് തുകയായ 25000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി-16/21.7.2021 ) .

## 1-28 ആസ്തി സംരക്ഷണ പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം 11/2018 ത സ്വ ഭവ തീയതി 29.1.2018 ഖ-6-7 ൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആസ്തി സംരക്ഷണ പദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിന് മുൻപ് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കണമെന്നും, യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിയ്ക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട. ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ കമ്മിറ്റി മിനുട്ട്സ്, പദ്ധതിയുടെ വിശദ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല .

റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കാനും ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റപണിയ്ക്കും ആശുപത്രി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മുൻഗണന നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2019-20 വർഷം റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ആസ്തികളുടെ സംരക്ഷണത്തിനായി താഴെ കാണും പ്രകാരം 11,14,721 ചെലവഴിച്ചിട്ടുണ്ട്. ആസ്തികളുടെ സംരക്ഷണപദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു(ചെലവ് പത്രിക പ്രകാരമുള്ളത് )

| പ്രോജക്ട് | തുക |
|---|---|
| മൃഗാശുപത്രിയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ | 19,459 |
| വെറ്ററിനറിഡിസ്പെൻസറിയിലേയ്ക്ക് ലേസർ പ്രിന്റർ വാങ്ങൽ | 14,851 |
| വെറ്ററിനറിഡിസ്പെൻസറിയിലേയ്ക്ക് കൗലിഫ്റ്റിംഗ് ഉപകരണം വാങ്ങൽ | 24,950 |
| വെറ്ററിനറി ഡിസ്പെൻസറി ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ | 17,200 |
| അങ്കണവാടി ഗ്യാസ് സ്റ്റൗ | 7,400 |
| വിവിധ അങ്കണവാടി കതക് നിർമ്മാണം | 17,862 |
| വിവിധ അങ്കണവാടികളുടെ പുനരുദ്ധാരണം | 9,17,295 |
| മൃഗാശുപത്രി പുനരുദ്ധാരണം | 95,704 |

റോഡിതര ഫണ്ടിന്റെ അടങ്കൽ ലഭിച്ചതിന്റെ 16% തുക ആസ്തിസംരക്ഷണ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. പാറപ്രം ഹോമിയോ ആശുപത്രിയ്ക്ക് സ്ഥലമെടുക്കൽ, വിവിധ അങ്കണവാടി പുനരുദ്ധാരണം, അങ്കണവാടി കിണർ വൈദ്യുതീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. അടുത്ത വർഷവും ഈ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. ഇതിന് വേണ്ടി ലഭിച്ച ഫണ്ട് ലാപ്സായി. സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് അനുയോജ്യമായ പദ്ധതികൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുവാനും ആയത് നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കി ഈ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം |
|---|---|---|
| 2019-20 | 15.7.2021, 16.7.2021 | കെ.എസ്.എ./കെ.എൻ.ആർ./ സി.7/771/2021 തീയതി 24.08.2021 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 3,75,000 | | 3,75,000 | |
| വിഹിതം | 1,70,000 | ആശ്രയ പദ്ധതി | 80,000 | 90,000 |
| ആകെ | 5,45,000 | | 4,55,000 | 90,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,70,000 | ആശ്രയ പദ്ധതി | 80,000 | 90,000 |
| | 75,000 | എസ് സി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 75,000 | |
| | 2,29,500 | നെൽകൃഷി വികസനം | 1,70,000 | 59,500 |
| | 2,14,212 | ഭിന്നശേഷികുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 2,14,212 | |
| | 1,00,000 | സ്വാന്തന പരിചരണം | 1,00,000 | |
| | 1,50,000 | പാലിന് സബ്സിഡി | 1,50,000 | |
| ആകെ | 9,38,712 | | 7,89,212 | 1,49,500 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം നം /ചെക്ക് | മുൻകൂർ നൽകിയ | വിനിയോഗ സാക്ഷ്യപത്ര | ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | നം | തുക | പ്രകാരം ചെലവായതുക | |
| ഭൂജല വകുപ്പ് | ഉമ്മൻചിറ അംഗൻവാടി കുഴൽകിണർനിർമ്മാണം | 29/20.1.2020 | 75,000 | ലഭ്യമല്ല | - |
| ഭൂജല വകുപ്പ് | ഗ്യാസ് ശ്മശാനത്തിൽ കുഴൽകിണർ നിർമ്മാണം | 28/20.1.2020 | 88,000 | ലഭ്യമല്ല | - |

തുക നൽകിയതിന്റെ വിവരം മാത്രമേ ലഭ്യമായിട്ടുള്ളൂ. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ B-18 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ഈ ഇനത്തിൽ തുക ഒന്നും ഉൾപ്പെടുത്തിയിട്ടില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ് ) | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് (ഷെയർ) | 20,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-5 | 2014-15 | 27/26.6.2014 | 2011-12,2012-13<br>പ്രോജക്റ്റ് 23/11-12<br>കേരളോത്സവം ക്ലബുകൾക്ക് സ്പോർട്ട്സ്ഉപകരണങ്ങൾ വാങ്ങിയത് വ്യാജ വൗച്ചർ നിർമ്മിച്ച് സമർപ്പിച്ചത് | നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54187999.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51797093.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,71,778 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 25,000 | ശ്രീ.കെ.വി.പത്മനാഭൻ (സെക്രട്ടറി) |
| 1-15 | 9,178 | ശ്രീ. സി.എം.പ്രേമൻ (സെക്രട്ടറി) |
| 1-17 | 1,63,000 | ശ്രീ. സി.എം.പ്രേമൻ (സെക്രട്ടറി) |
| 1-22 | 2,49,600 | ശ്രീമതി.ലീന .എം.കെ(കൃഷി ഓഫീസർ) |
| 1-27 | 25,000 | ഡോ. ഷൈന .വി.പി<br>(മെഡിക്കൽ ഓഫീസർ C H C) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.കെ.വി.പത്മനാഭൻ (സെക്രട്ടറി) | റിട്ടയർ ചെയ്തു | അനുനന്ദം പാതിരിയാട്(പി ഒ) |
| ശ്രീ. സി.എം.പ്രേമൻ (സെക്രട്ടറി) | റിട്ടയർ ചെയ്തു | തയ്യിൽ ഹൗസ് പാലത്തുംകര കൂത്തുപറമ്പ് |
| ഡോ. ഷൈന .വി.പി (മെഡിക്കൽ ഓഫീസർ C H C) | (മെഡിക്കൽ ഓഫീസർ C H C) പിണറായി | സ്വാതി,നിയർ സിവിൽ കോർട്ട് തലശ്ശേരി |
| ശ്രീമതി.ലീന .എം.കെ(കൃഷി ഓഫീസർ) | അസിസ്റ്റന്റ് പ്രൊഫസർ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, നീലേശ്വരം | ശിവം,വെണ്ടുട്ടായി, പിണറായി |

## <u>4-11 ഓഡിറ്റ് ഇംപാക്റ്റ്</u>

ഓഡിറ്റിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക 6,461 രൂപ താഴെ കൊടുത്ത പ്രകാരം തിരിച്ചടച്ചിട്ടുണ്ട്

| ക്രമ നം | ഓഡിറ്റ് എൻക്വയറി നം&തീയതി | വിഷയം | തുക | രശീതി നം. / തീയ്യതി |
|---|---|---|---|---|
| 1 | 22/ 22.07.21 | ഒഴിഞ്ഞ ടാർ ബാരലിന്റെ ജി.എസ്.ടി | 928 | 121080101937/28-07-21 |
| 2 | 26 / 27-07-21 | പ്രവൃത്തി ദീർഘീകരണത്തിനുള്ള പിഴ | 4,533 | 121080101938/28-07-21 |
| 3 | 20/22.7.2021 | ടാക്കോ കേബിൾ കമ്പനി ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ കുറവ് | 1,000 | 121080101919/27-07-21 |
| ആകെ | | | 6,461 | |

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി.7/788/2019തീ. 18-7-19 | 1 |
| 1999-2000 | കെ.എസ്.എ/കെ.എൻ.ആർ/സി.7/788/2019തീ. 18-7-19 | 4 |
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ/സി.7/788/2019തീ. 18-7-19 | 5 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/സി.7/788/2019തീ. 18-7-19 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി.7/788/2019തീ. 18-7-19 | 2 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.7/788/2019തീ. 18-7-19 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.7/788/2019തീ. 18-7-19 | 1 |
| 2009-10,2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.7/788/2019തീ. 18-7-19 | 2 |
| 2011-12,2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.7/788/2019തീ. 18-7-19 | 2 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.7/788/2019തീ. 18-7-19 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.7/788/2019തീ. 18-7-19 | 5 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.7/788/2019തീ. 18-7-19 | 9 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.7/1727/2018തീ. 29.11.2018 | 19 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.7/1474/2020 തീ. 18.02.2020 | 6 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Pinarayi Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 18393164.95 |
| Cash | Cash | RP-40(a) | 10578.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1494960.00 |
| 140000000 | Fees & User Charges | RP-4 | 2725474.00 |
| 150000000 | Sale & Hire Charges | RP-5 | 96585.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 39870429.00 |
| 171000000 | Interest Earned | RP-9 | 355025.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3716616.00 |
| 340000000 | Deposits Received | RP-34 | 5000.00 |
| 350000000 | Other Liabilities | RP-36 | 621007.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 77981.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 2052.00 |
| 340000000 | Deposits Received | RP-34 | 48642.00 |
| 350000000 | Other Liabilities | RP-36 | 737651.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4425217.00 |
| 460000000 | Loans, Advances and Deposits | RP-47 | 11360.00 |
| | Grand total | | 72591741.95 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2982405.00 |
| 220000000 | Administrative Expenses | RP-12 | 1001459.00 |
| 230000000 | Operations & Maintenance | RP-13 | 1810584.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3980734.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14111531.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1059277.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 654723.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 762000.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 3359970.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 30000.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -15110.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 501355.00 |
| 340000000 | Deposits Received | RP-34 | 1000.00 |
| 350000000 | Other Liabilities | RP-36 | 5636292.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1290.00 |
| 311000000 | Earmarked Funds | RP-29 | 5000.00 |
| 340000000 | Deposits Received | RP-34 | 58500.00 |
| 350000000 | Other Liabilities | RP-36 | 2653131.00 |
| 410000000 | Fixed Assets | RP-38 | 9043479.00 |
| 412000000 | Capital work in Progress | RP-40 | 2265274.00 |
| 460000000 | Loans, Advances and Deposits | RP-47 | 1894199.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20713215.95 |
| Cash | Cash | RP-40(b) | 81433.00 |
| | Grand Total | | 72591741.95 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്

| Pinarayi Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5604296.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 65442.00 |
| 140000000 | Fee & User Charges | I-4(b) | 3276974.00 |
| 150000000 | Sale & Hire Charges | I-5(b) | 96585.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 101558025.00 |
| 171000000 | Interest Earned | I-8 | 355025.00 |
| | Total Income | | 110956347.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9985105.00 |
| 220000000 | Administrative Expenses | I-11(b) | 1001459.00 |
| 230000000 | Operations & Maintenance | I-12(b) | 1810584.00 |
| 240000000 | Interest & Finance Charges | I-13 | 1290.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4693559.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 32948926.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1065577.00 |
| | | | |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1079493.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 40049600.00 |
| 255000000 | Maintenance Projects | I-14(e) | 3359970.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 30000.00 |
| 272000000 | Depreciation | I-17(a) | 5597939.00 |
| | Total Expenditure | | 101623502.00 |
| | Gross Surplus/ Deficit of income over Expenditure | | 9332845.00 |
| 280000000 | Prior Period Item | I-18 | 1530.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 9331315.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| Pinarayi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 33236722.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 53173.00 |
| 312000000 | Reserves | B-3 | 51703559.00 |
| | Total Reserve & Surplus | | 84993454.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2390263.00 |
| | Total Grants, Contributions for Specific Purposes | | 2390263.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 205287.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1289808.20 |
| | Total Current Liabilities and Provisions | | 1495095.20 |
| | TOTAL LIABILITIES | | 88878812.95 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 80242318.00 |
| 411000000 | Accumulated Depreciation | B-11 | -15527180.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 770814.00 |
| | Total Fixed Assets | | 65485952.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 20794648.95 |
| | | | |
| 460000000 | Loans, Advances and Deposits | B-18 | 2578212.00 |
| | Total Current Assets, Loans and Advances | | 23372860.95 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 88878812.95 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.